# രോഗികളുടെ അവകാശങ്ങൾ

- രോഗത്തിന്റെ സ്വഭാവം, കാരണം, നിർദ്ദിഷ്ട പരിശോധനകൾ, പരിചരണം, ചികിത്സയുടെ പ്രതീക്ഷിക്കുന്ന ഫലങ്ങൾ, സാധ്യമായ സങ്കീർണതകൾ, പ്രതീക്ഷിക്കുന്ന ചിലവുകൾ എന്നിവയെക്കുറിച്ചുള്ള മതിയായ പ്രസക്തമായ വിവരങ്ങൾ അറിയുന്നതിന്.

- നൽകുന്ന ഓരോ സേവനത്തിനും ഈടാക്കുന്ന നിരക്കുകളെയും ലഭ്യമായ സൗകര്യങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിന്. പ്രസ്തുത വിവരം മലയാളത്തിലും, ഇംഗ്ലീഷിലും ക്ലിനിക്കൽ സ്ഥാപനത്തിന്റെ ശ്രദ്ധേയമായ സ്ഥലത്ത് പ്രദർശിപ്പിക്കണം.

- രോഗിയുടെ ചികിത്സാ വിവരങ്ങൾ അടങ്ങിയ പേപ്പറുകൾ, രേഖകൾ, പരിശോധന റിപ്പോർട്ടുകൾ, വിശദമായ ബിൽ (ഇനം തിരിച്ച്) എന്നിവയുടെ പകർപ്പ് ലഭിക്കുന്നതിന്.

- നിർദിഷ്ട പരിശോധനകൾ / ചികിത്സകൾ എന്നിവ നടത്തുന്നതിന് മുമ്പ് അറിവോടെയുള്ള സമ്മതം നേടുക. (ഉദാ: ശസ്ത്രക്രിയ, കീമോതെറാപ്പി മുതലായവ)

- ചികിത്സിക്കുന്ന ആശുപത്രി നൽകുന്ന രേഖകളും വിവരങ്ങളും ഉപയോഗിച്ച്, രോഗികൾക്ക് താല്പര്യമുള്ള മറ്റൊരു ഡോക്ടറിൽ നിന്ന് അഭിപ്രായം തേടുന്നതിനുള്ള അവകാശം.

- ചികിത്സയുടെ രഹസ്യസ്വഭാവം, മനുഷ്യന്റെ മാന്യത, സ്വകാര്യത എന്നിവ ചികിത്സയിലുടനീളം ലഭിക്കുന്നതിനുള്ള അവകാശം.

- ശാരീരികമായി ഒരു സ്ത്രീ രോഗിയെ പുരുഷ ഡോക്ടർ പരിശോധിക്കുമ്പോൾ ഒരു സ്ത്രീയുടെ സാന്നിധ്യം ഉറപ്പാക്കുക.

- ചികിത്സയിലും പെരുമാറ്റത്തിലും എച്ച്ഐവി നിലയുടെ അടിസ്ഥാനത്തിൽ വിവേചനം കാണിക്കാതിരിക്കുക.

- മറ്റു ചികിത്സ സംവിധാനങ്ങൾ ഉണ്ടെങ്കിൽ അവ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം.

- രോഗിയുടെ മൃതദേഹം വിട്ടുകൊടുക്കുന്നത് യാതൊരു കാരണവശാലും ആശുപത്രികൾക്ക് നിഷേധിക്കാൻ കഴിയില്ല.

- മറ്റൊരു ആശുപത്രിയിലേക്ക് മാറ്റാനോ/ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യാനോ ആഗ്രഹിക്കുന്ന രോഗിക്ക് "സമ്മതിച്ച പണമടയ്ക്കൽ തീർപ്പാക്കാനുള്ള" ഉത്തരവാദിത്വമുണ്ടായിരിക്കും.

- എച്ച്ഐവി നില അല്ലെങ്കിൽ മറ്റ് ആരോഗ്യസ്ഥിതി, മതം, വംശം, ലിംഗഭേദം ട്രാൻസ്ജെൻഡർ ഉൾപ്പെടെ), പ്രായം, ലൈംഗിക ആഭിമുഖ്യം, ഭാഷാപരമോ ഭൂമിശാസ്ത്രപരമോ സാമൂഹികമോ ആയ ഉത്ഭവം എന്നിവയുൾപ്പെടെയുള്ള രോഗാവസ്ഥകളെയോ അവസ്ഥകളെയോ അടിസ്ഥാനമാക്കി ചികിത്സയിൽ വിവേചനം പാടില്ലെന്ന് വ്യക്തമാക്കാം.

- മെഡിക്കൽ രേഖകൾ ഡിജിറ്റൽ വൽക്കരണം ചെയ്യുന്നതിന് മുമ്പ് രോഗിയുടെ അറിവോടെയുള്ള സമ്മതം വാങ്ങണം.